**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 540** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ പല കോളേജ് ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നില്ലെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ വിദ്യാർത്ഥികൾക്ക് കോളേജ് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഹോസ്റ്റൽ വാടക ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ വകുപ്പ് പരിഗണിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയുമാണ്. |
| (സി) | ഗ്രാന്റ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കേണ്ടിവരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | പട്ടികജാതി വിദ്യാർത്ഥികളുടെ 2022-23 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. 2024 -25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുകയും ആ തുക ചെലവഴിച്ച് വരികയുമാണ്. |

| | | | |
|---|---|---|---|
| | | | പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം ഇനത്തിൽ നിലവിലുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 396.41 കോടി രൂപ അധികമായി അനുവദിക്കുകയും ടി തുക വിനിയോഗിച്ച് പരമാവധി കുടിശ്ശിക വിതരണം ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ